2026
AUGUST
22
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഖനനമില്ലാതെ കൽക്കരിയിൽനിന്ന് വാതകം

# 2.73 ലക്ഷം കോടിയുടെ വൻ പദ്ധതിയുമായി റിലയൻസ്



**ന്യൂദൽഹി:** റിലയൻസിന്റെ പദ്ധതി രാജ്യത്തിന്റെ ഊർജസുരക്ഷയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ശേഷിയുള്ളതാണ്. എന്നിരുന്നാലും ഭൂമിക്കടിയിലെ സങ്കീർണമായ പ്രക്രിയകൾ സാമ്പത്തിക ലാഭത്തോടെയും സുരക്ഷിതമായും നടപ്പിലാക്കാൻ കഴിയുമെന്ന് ആദ്യഘട്ടത്തിൽത്തന്നെ തെളിയിക്കേണ്ടതുണ്ട്.

ഇന്ധന ഇറക്കുമതി കുറച്ച് ഊർജ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ട് ആന്ധ്രപ്രദേശിൽ 2.73 ലക്ഷം കോടി രൂപയുടെ വൻ വാതക പദ്ധതിയുമായി റിലയൻസ് ഇൻഡസ്ട്രീസ്. കൽക്കരി ശേഖരം ഉപരിതലത്തിലേക്ക് ഖനനം ചെയ്തെടുക്കാതെ തന്നെ ഹൈഡ്രജൻ, മെഥനോൾ, അമോണിയ, പ്രകൃതി വാതകം എന്നിവ ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. സാങ്കേതികമായി ഒട്ടേറെ വെല്ലുവിളികളുള്ള പദ്ധതിയുടെ ആദ്യഘട്ട വിജയം വിലയിരുത്തിയാകും തുടർനടപടികൾ.

ഹൈഡ്രജൻ, കാർബൺ മോണോക്സൈഡ്, മീഥെയ്ൻ, കാർബൺ ഡയോക്സൈഡ് എന്നിവയടങ്ങുന്ന ഈ വാതകം മെഥനോൾ, അമോണിയ, കൃത്രിമ ഇന്ധനങ്ങൾ, വളം എന്നിവയുടെ നിർമാണത്തിനും സ്റ്റീൽ വ്യവസായത്തിനും ഉപയോഗിക്കാം.

ഇന്ധന ഇറക്കുമതിച്ചെലവു കുറയ്ക്കാൻ പദ്ധതി ഏറെ സഹായിക്കുമെന്നാണ് വിലയിരുത്തൽ. എൽ.എൻ.ജി., യൂറിയ, അമോണിയം നൈട്രേറ്റ്, മെഥനോൾ എന്നിവയുടെ ഇറക്കുമതിക്കായി കഴിഞ്ഞ സാമ്പത്തികവർഷം 2.77 ലക്ഷം കോടി രൂപയാണ് രാജ്യം ചെലവഴിച്ചത്.

ആവശ്യമായ എൽ.എൻ.ജി.യുടെ 50 ശതമാനവും യൂറിയയുടെ 20 ശതമാനവും ഇറക്കുമതി ചെയ്യുകയാണ്. അമോണിയക്കും മെഥനോളിനുമായി വിദേശവിപണികളെയാണ് രാജ്യം പ്രധാനമായും ആശ്രയിക്കുന്നത്. 2030ഓടെ 10 കോടി ടൺ വാതക ഉത്പാദനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി 8,500 കോടി രൂപയുടെ സാമ്പത്തിക ആനുകൂല്യവും പ്രഖ്യാപിച്ചിട്ടുണ്ട്.

നിലവിലുള്ള റിഫൈനിങ്, പെട്രോകെമിക്കൽ പ്ലാന്റുകളിലേക്ക് ആവശ്യമായ അസംസ്കൃത വസ്തുവായി ഈ വാതകം ഉപയോഗിക്കാമെന്നതും റിലയൻസിന് വലിയ നേട്ടമാകും.

ഭൂനിരപ്പിൽനിന്ന് 600 മീറ്ററിലധികം ആഴത്തിലുള്ള വാതകശേഖരണം ഭൂഗർഭജല മലിനീകരണം, വാതകച്ചോർച്ച, ഭൂമി ഇടിയൽ തുടങ്ങിയ വലിയ അപകടസാധ്യതകൾ ഉയർത്തുന്നുണ്ട്. ഭൂമിക്കടിയിലെ വാതകവൽക്കരണ പ്രക്രിയ പൂർണ നിയന്ത്രണത്തിൽ നിലനിർത്തുക എന്നത് ഏറെ സങ്കീർണമാണ്.

സർക്കാർ പ്രഖ്യാപിച്ച 37,500 കോടി രൂപയുടെ പ്രോത്സാഹന പദ്ധതി ഉപരിതല വാതകവൽക്കരണ പദ്ധതികൾക്കു മാത്രമുള്ളതാണ്. അതിനാൽ ഭൂഗർഭ പദ്ധതിക്ക് ഈ സഹായം നേരിട്ടു ലഭിക്കില്ല. എങ്കിലും ചില പദ്ധതികൾക്ക് 50 ശതമാനം വരുമാനം പങ്കുവെക്കൽ ആനുകൂല്യം സർക്കാർ വാഗ്ദാനം ചെയ്യുന്നുണ്ട്.

3.13 ബില്യൺ ടൺ കൽക്കരി 30 വർഷത്തിനുള്ളിൽ പൂർണമായി ഉപയോഗിക്കുകയാണെങ്കിൽ വർഷത്തിൽ 104 ദശലക്ഷം ടൺ ഉത്പാദിപ്പിക്കേണ്ടിവരും. 10 ശതമാനം മാത്രം ഉപയോഗക്ഷമമായാൽ പോലും അത് പ്രതിവർഷം 10.4 ദശലക്ഷം ടൺ മാത്രമായിരിക്കും.

റിലയൻസിന്റെ ഈ പദ്ധതി രാജ്യത്തിന്റെ ഊർജസുരക്ഷയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ശേഷിയുള്ളതാണ്. എന്നിരുന്നാലും ഭൂമിക്കടിയിലെ സങ്കീർണമായ പ്രക്രിയകൾ സാമ്പത്തിക ലാഭത്തോടെയും സുരക്ഷിതമായും നടപ്പിലാക്കാൻ കഴിയുമെന്ന് ആദ്യഘട്ടത്തിൽത്തന്നെ തെളിയിക്കേണ്ടതുണ്ട്. പൈലറ്റ് ഘട്ടത്തിലെ വിജയം മാത്രമായിരിക്കും ഈ വൻ നിക്ഷേപത്തിന്റെ യഥാർഥ ഭാവി നിർണയിക്കുക.

## റിസർവ് ബാങ്കിന്റെ സെൻട്രൽ ബോർഡിൽ എസ്.സോമനാഥിന് സുപ്രധാന പദവി



**ന്യൂഡൽഹി:** ഐഎസ്ആർഒ മുൻ ചെയർമാനും മലയാളിയുമായ എസ്.സോമനാഥിനെ റിസർവ് ബാങ്ക് സെൻട്രൽ ബോർഡിൽ പാർട്ടൈം, നോൺ ഒഫിഷ്യൽ ഡയറക്ടറായി കേന്ദ്രം നിയമിച്ചു.

4 വർഷത്തേക്കാണ് നിയമനം. ഏറെക്കാലത്തിനു ശേഷമാണ് ഒരു മലയാളി ആർബിഐ ബോർഡിലെത്തുന്നത്. 2022 മുതൽ, ആർബിഐ ബോർഡിൽ നോൺ ഒഫിഷ്യൽ ഡയറക്ടറായ വ്യവസായി ആനന്ദ് മഹീന്ദ്രയെ വീണ്ടും 4 വർഷത്തേക്കു കൂടി നിയമിച്ചു.

റിസർവ് ബാങ്കിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ചുമതലയാണ് സെൻട്രൽ ബോർഡിനുള്ളത്. ആർബിഐ ഗവർണർ, 4 ഡപ്യൂട്ടി ഗവർണർമാർ എന്നിവർക്കു പുറമേ സർക്കാരിന് വിവിധ മേഖലകളിൽ നിന്ന് 10 ഡയറക്ടർമാരെയും നിയമിക്കാം.

ധനകാര്യമന്ത്രാലയത്തിലെ 2 സെക്രട്ടറിമാരും ബോർഡിലുണ്ടാകും. ഇതിനൊപ്പം മുംബൈ, കൊൽക്കത്ത, ചെന്നൈ, ഡൽഹി എന്നിവിടങ്ങളിലെ ലോക്കൽ ബോർഡുകളെ പ്രതിനിധീകരിച്ച് 4 ഡയറക്ടർമാരുമുണ്ടാകും.

## അമേരിക്ക കടക്കെണിയിൽ; ബാധ്യത 40 ട്രില്യൺ ഡോളർ കടന്നു



**വാഷിംഗ്ടൺ ഡിസി:** അമേരിക്കയുടെ മൊത്തം കടബാധ്യത ചരിത്രത്തിലാദ്യമായി 40 ട്രില്യൺ (40 ലക്ഷം കോടി) ഡോളർ എന്ന റിക്കാർഡ് തലത്തിലേക്ക് ഉയർന്നു. നികുതി ഇളവുകൾ മൂലം വരുമാനത്തിലുണ്ടായ കുറവും സാമൂഹികക്ഷേമ പദ്ധതികൾക്കും പലിശ തിരിച്ചടവിനുമുള്ള ഭാരിച്ച ചെലവുകളുമാണ് രാജ്യത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കു തള്ളിവിട്ടതെന്ന് യുഎസ് ട്രഷറി ഡിപ്പാർട്ട്മെൻറ് വ്യക്തമാക്കുന്നു.

2017 ജനുവരിയിൽ ട്രംപ് ആദ്യമായി അധികാരമേൽക്കുമ്പോൾ 19.95 ട്രില്യൺ ഡോളറായിരുന്ന കടമാണ് ഇപ്പോൾ ഇരട്ടിയായത്. ട്രംപിന്റെ രണ്ടു ഭരണകാലയളവിലുമായി 11.6 ട്രില്യൺ ഡോളറിന്റെയും ജോ ബൈഡന്റെ നാലു വർഷത്തെ ഭരണകാലത്ത് 8.4 ട്രില്യൺ ഡോളറിന്റെയും കടം വർധനവുണ്ടായി. കോവിഡ് പ്രതിരോധത്തിനായി നൽകിയ അടിയന്തര ധനസഹായങ്ങളും സാമ്പത്തിക അസന്തുലിതാവസ്ഥയുമാണ് ഇതിനു പ്രധാന കാരണം.

ട്രഷറി സെക്യൂരിറ്റികൾ (ബോണ്ടുകൾ) വാങ്ങുന്നതിലൂടെ അമേരിക്കയ്ക്കു വായ്പ നൽകുന്ന രാജ്യങ്ങളിൽ ജപ്പാനാണ് മുന്നിൽ. വിദേശനാണ്യ ശേഖരത്തിന്റെ സുരക്ഷിതത്വത്തിനും 'യെൻ' കറൻസിയുടെ മൂല്യനിയന്ത്രണത്തിനുമായാണ് യുഎസ് ബോണ്ടുകൾ ജപ്പാൻ കൈവശം വച്ചിരിക്കുന്നത്. ചൈനയും വൻതോതിൽ യുഎസ് ബോണ്ടുകൾ വാങ്ങിക്കൂട്ടുന്നുണ്ട്.

## ഇന്ത്യയുടെ ഇലക്ട്രിക് കാറുകൾ യൂറോപ്പ് കീഴടക്കുന്നു



**മുംബൈ:** ഇന്ത്യയുടെ ഇലക്ട്രിക് കാറുകളുടെ യൂറോപ്പിലേക്കുള്ള കയറ്റുമതിയിൽ ഇന്ത്യയ്ക്ക് വൻ വിജയം. ഏകദേശം 16 മടങ്ങിന്റെ വർധനയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതിന് മുൻപ് ആഫ്രിക്ക, നേപ്പാൾ എന്നീ രാജ്യങ്ങളിൽ ഒതുങ്ങി നിന്ന കയറ്റുമതിയാണ് ഇപ്പോൾ യൂറോപ്പിനെപ്പോലെ പരിഷ്കൃത രാജ്യങ്ങളിൽ ഇന്ത്യൻ കാറുകൾ ഹിറ്റടിക്കുന്നത്. ഇത് ഏറെക്കുറെ അവിശ്വസനീയമാണെന്നാണ് ബിസിനസ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

2025ൽ ഏപ്പിൽ ജൂൺ കാലഘട്ടത്തിൽ യൂറോപ്പിലേക്ക് കയറ്റി അയച്ച ഇലക്ട്രിക് കാറുകളുടെ 16 മടങ്ങാണ് 2026 ഏപ്രിൽ ജൂൺ ത്രൈമാസത്തിൽ കയറ്റി അയച്ചിരിക്കുന്നത്. 22.2 ദശലക്ഷം ഡോളർ മൂല്യമുള്ള കാറുകളാണ് ഇന്ത്യ 2025 ഏപ്രിൽ ജൂൺ ത്രൈമസത്തിൽ കയറ്റി അയച്ചതെങ്കിൽ 2026 ഏപ്രിൽ ജൂൺ ത്രൈമസത്തിൽ 369 ദശലക്ഷം ഡോളർ മൂല്യത്തിന്റെ കാറുകൾ കയറ്റി അയച്ചത്. യൂറോപ്പ് എന്ന് പറഞ്ഞാൽ പ്രധാനമായും സ്പെയിനിലേക്കാണ് 40 ശതമാനം കാറുകൾ പോയത്. പിന്നെ ബ്രിട്ടൻ, ജർമ്മനി എന്നീ വിപണികളിലേക്കാണ് ഇന്ത്യൻ ഇലക്ട്രിക് കാറുകൾ പോയത്.

## 10 ലക്ഷം ടൺ പഞ്ചസാര ഇറക്കുമതി ചെയ്യാനൊരുങ്ങി കേന്ദ്ര സർക്കാർ

**ന്യൂദൽഹി:** ഒരു പതിറ്റാണ്ടിനിടയിൽ ആദ്യമായി രാജ്യത്തേക്ക് 10 ലക്ഷം ടൺ അസംസ്കൃത പഞ്ചസാര ഇറക്കുമതി ചെയ്യാൻ അനുമതി നൽകി കേന്ദ്ര സർക്കാർ. വിപണിയിലെ വിലക്കയറ്റം തടയുന്നതിനും വരാനിരിക്കുന്ന ഉത്സവകാലത്തെ ആവശ്യങ്ങൾ സുഗമമാക്കുന്നതിനുമുള്ള മുൻകരുതൽ നടപടിയാണിത് എന്നാണ് ഔദ്യോഗികവൃത്തങ്ങൾ വ്യക്തമാക്കുന്നത്. പഞ്ചസാര ഉത്പാദനത്തിൽ ഉണ്ടായ വലിയ തോതിലുള്ള കുറവും പ്രാരംഭ സ്റ്റോക്കിൽ കുറഞ്ഞത് 20% ഇടിവുണ്ടാകുമെന്ന ആശങ്കയുമാണ് ഈ തീരുമാനത്തിന് പിന്നിൽ. ഇതിനോടൊപ്പം പൂഴ്ത്തിവെപ്പ് തടയുക എന്ന ലക്ഷ്യവുമുണ്ട്. പ്രതിമാസം 10 ടണ്ണിലധികം പഞ്ചസാര ഉപയോഗിക്കുന്ന വൻകിട ഉപഭോക്താക്കൾക്ക് 15 ദിവസത്തിൽ കൂടുതൽ സ്റ്റോക്ക് കൈവശം വെക്കാൻ പാടില്ലെന്ന നിയന്ത്രണവും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. മിഠായി നിർമാതാക്കൾ, ശീതളപാനീയ നിർമാതാക്കൾ, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, മധുരപലഹാര വിൽപനക്കാർ, മറ്റ് സ്ഥാപന ഉപഭോക്താക്കൾ തുടങ്ങിയ വൻകിട ഉപഭോക്താക്കൾ 15 ദിവസത്തിൽ കൂടുതൽ സ്റ്റോക്ക് കൈവശം വെക്കാൻ പാടില്ലെന്ന് ഭക്ഷ്യ മന്ത്രാലയം ഉത്തരവിട്ടതിന് തൊട്ടുപിന്നാലെയാണ് പഞ്ചസാര ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം വ്യാഴാഴ്ച പുറത്തുവന്നത്. ഇതനുസരിച്ച്, ഒരു സ്ഥാപനം പ്രതിമാസം 12 ടൺ പഞ്ചസാര ഉപയോഗിക്കുന്നുണ്ടെങ്കിൽ, അവർക്ക് ഏതൊരു സമയത്തും പരമാവധി ആറ് ടൺ സ്റ്റോക്ക് മാത്രമേ സൂക്ഷിക്കാൻ സാധിക്കുകയുള്ളൂറീട്ടെയിൽ വില വർധിക്കുന്ന സാഹചര്യത്തിലാണ് സർക്കാരിന്റെ ഈ നീക്കങ്ങൾ. ഉപഭോക്തൃ കാര്യ വകുപ്പിന്റെ കണക്കനുസരിച്ച്, ചൊവ്വാഴ്ച ശരാശരി റീട്ടെയിൽ വില കിലോഗ്രാമിന് 52.3 രൂപയായിരുന്നു, ഇത് കഴിഞ്ഞ വർഷത്തേക്കാൾ 13 ശതമാനം കൂടുതലാണ്. ജൂലൈയിൽ മാത്രം റീട്ടെയിൽ വിലയിൽ ഒമ്പത് ശതമാനത്തിലധികം വർധനവുണ്ടായി. പൂഴ്ത്തിവെപ്പും അനാവശ്യ ഊഹക്കച്ചവടങ്ങളും തടയുന്നതിനായി, ഓഗസ്റ്റ് മുതൽ നവംബർ വരെ പഞ്ചസാര വ്യാപാരികൾക്ക് സർക്കാർ സ്റ്റോക്ക് പരിധി നിശ്ചയിക്കുകയും വ്യാപാരികൾ അവരുടെ സ്റ്റോക്ക് വിവരങ്ങൾ ആഴ്ചതോറും പ്രഖ്യാപിക്കുകയും അപ്ഡേറ്റ് ചെയ്യുകയും വേണമെന്ന് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്.



# ജലമാമാങ്കത്തിനായി പുന്നമട ഒരുങ്ങി; നെഹ്റുട്രോഫി ഇന്ന്

**ആലപ്പുഴ:** ജലമാമാങ്കത്തിനായി പുന്നമടക്കായൽ ഒരുങ്ങി, ചരിത്ര പ്രസിദ്ധമായ നെഹ്റുട്രോഫി വള്ളംകളി ഇന്ന് അരങ്ങേറും. വിവിധ വിഭാഗങ്ങളിലായി ഇക്കുറി 71 വള്ളങ്ങൾ മാറ്റുരയ്ക്കുന്ന മത്സരത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്ടർ ഷാജി വി. നായർ, ജില്ലാ പോലീസ് മേധാവി ടി.കെ. വിഷ്ണുപ്രദീപ് എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ചുണ്ടൻ വിഭാഗത്തിൽ മാത്രം ആകെ 22 വള്ളങ്ങളുണ്ട്. ചുരുളൻ 2, ഇരുട്ടുകുത്തി എ 3, ഇരുട്ടുകുത്തി ബി16, ഇരുട്ടുകുത്തി സി14, വെപ്പ് എ 5, വെപ്പ് ബി 4, തെക്കനോടി തറ1, തെക്കനോടി കെട്ട്4 എന്നിങ്ങനെയാണ് മറ്റ് വിഭാഗങ്ങളിൽ മത്സരിക്കുന്ന വള്ളങ്ങൾ. ഇത്തവണ ആദ്യമായി നെഹ്റുട്രോഫി വള്ളംകളിക്ക് ഒരു കളർ തീമും അവതരിപ്പിച്ചിട്ടുണ്ട്. ടിക്കറ്റ് വിൽപ്പനയിൽ ഇക്കുറി വൻവർധനവ് ഉണ്ടായിട്ടുണ്ട്. 25000, 3000 രൂപയുടെ ഉൾപ്പെടെ പല ടിക്കറ്റുകളുടെ വിൽപ്പന നിർത്തിവച്ചിരിക്കുകയാണ്. ഇത്തവണ ആദ്യമായി ഒരു ലക്ഷം രൂപയുടെ കോർപറേറ്റ് ബോക്സ് എന്ന പുതിയ ടിക്കറ്റ് വിൽപ്പനയ്ക്കെത്തിച്ചു.

ബോണസിലും മെയിൻറനൻസ് ഗ്രാൻറിലും സമ്മാനത്തുകയിലും വൻ വർധനവാണ് വരുത്തിയിട്ടുള്ളത്. ഇതിന് വലിയ തുക കണ്ടെത്തേണ്ടിവരും. 2.80 കോടി രൂപ ബോണസും പ്രൈസ് മണിയും നൽകാൻ മാത്രം ആവശ്യമാണ്. ആറുകോടി രൂപയുടെ ബജറ്റാണ് ഇത്തവണ പാസാക്കിയിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ ചരിത്രത്തിലാദ്യമായി രണ്ടുകോടി രൂപയാണ് ഗ്രാൻഡ് പ്രഖ്യാപിച്ചത്. കഴിഞ്ഞവർഷം കേന്ദ്ര ടൂറിസം ഗ്രാൻഡും ലഭിച്ചു. ഈ വർഷവും ഇത് ലഭിക്കുമെന്നാണ് പ്രതീക്ഷ.

നാല് ബോട്ട് ജെട്ടികളിൽനിന്നാണ് പ്രധാന വ്യക്തികളെ മത്സരവേദിയിലേക്ക് എത്തിക്കുന്നത്. വിവിഐപികളെ ലേക്ക് പാലസ് ജെട്ടിയിൽനിന്നും കോർപറേറ്റ്, പ്ലാറ്റിനം ടിക്കറ്റുകളുമായി വരുന്നവരെ മാളിയേക്കൽ ജെട്ടിയിൽ നിന്നും ഗോൾഡ്, സിൽവർ ടിക്കറ്റുള്ളവരെ മാതാ ജെട്ടിയിൽ നിന്നും മുൻസിപ്പൽ കൗൺസിലർമാരെയും കോംപ്ലിമെന്റ റി പാസുള്ളവരെയും രാജീവ് ജെട്ടിയിൽനിന്നും മാധ്യമപ്രവർത്തകരെ എസ്ഡബ്ല്യുടി പമ്പ് ജെട്ടിയിൽനിന്നും എത്തിക്കാനാണ് ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്.

ഒരു വള്ളത്തിൽ 25 ശതമാനത്തിലധികം ഇതര സംസ്ഥാന തുഴച്ചിൽകാർ പാടില്ലെന്ന നിയമവും പനംതുഴയേ ഉപയോഗിക്കാവൂ എന്ന നിയമവും കർശനമാക്കും. നിയമം ലംഘിക്കുന്നവർക്കെതിരേ അച്ചടക്ക നടപടി സ്വകരിക്കും. ബോണസ് കട്ട് ചെയ്യുകയും വരുംവർഷ വള്ളംകളികളിൽനിന്ന് വിലക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കും.

അഞ്ചു ജില്ലകളിലെ സർക്കാർ ഓഫീസുകൾ വഴിയും നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഓൺലൈനായും ടിക്കറ്റ് വിൽപ്പന നടന്നുവരുന്നു. ഫെഡറൽ ബാങ്കും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും കേരളഗ്രാമീൺ ബാങ്കുമാണ് ഇതിനായി പെയ്മെൻറ് ഗേറ്റ് വേ സംവിധാനം ഒരുക്കിയിരിക്കുന്നത്.

ടാറ്റാ ട്രക്സ് ആണ് ഇത്തവണത്തെ ടൈറ്റിൽ സ്പോൺസർ. മറ്റു നിരവധി സ്പോൺസർമാരും വള്ളംകളി നടത്തിപ്പുമായി സഹകരിക്കുന്നുണ്ട്. സ്പീഡ് ബോട്ടുകളുടെ സഞ്ചാരത്തിലും ഡ്രോണുകളുടെ ഉപയോഗത്തിലും കർശന നിയന്ത്രണം ഉറപ്പുവരുത്തിയിട്ടുണ്ട്.

ഇൻഫ്രാസ്ട്രക്ചർ കമ്മിറ്റിയുടെ നേതൃത്വത്തിൽ നെഹ്റു പവലിയൻറെയും താത്കാലിക ഗാലറികളുടെയും നിർമാണം അവസാന ഘട്ടത്തിലാണ്. യന്ത്രവത്കൃത സ്റ്റാർട്ടിംഗ് സംവിധാനവും ഫോട്ടോ ഫിനിഷിംഗ് സംവിധാനവും സജ്ജമാണ്.

കാണികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ക്രമസമാധാന പാലനത്തിനും 1700 ഓളം പോലീസുകാരെ വിന്യസിക്കും. 17 ഡിവൈഎസ്പിമാരുടെയും 45 ഇൻസ്പക്ടർമാരുടെയും കീഴിലായിരിക്കും പോലീസ് വിന്യാസം. ഷാഡോ പോലീസിൻറെ സാന്നിധ്യവും ഉണ്ടാവും. മത്സരസമയത്ത് കായലിൽ ചാടുന്നവർക്കെതിരേയും മത്സരം തടസപ്പെടുത്തുന്ന രീതിയിൽ പെരുമാറുന്നവർക്കെതിരേയും ശക്തമായ നിയമനടപടി സ്വീകരിക്കും. ഔദ്യോഗിക ബോട്ടുകൾ അല്ലാതെ മറ്റു ബോട്ടുകളെ മത്സരദിവസം റേസ്ട്രാക്ക് ഭാഗത്തേക്കോ കനാലിലേക്കോ കടത്തിവിടില്ല. ഡ്രോൺ നിയമപ്രകാരം മത്സരദിവസം രണ്ട് കിലോമീറ്റർ ചുറ്റളവിൽ താത്കാലിക റെഡ് സോണായി പ്രഖ്യാപിച്ചിട്ടുണ്ട്. അനുമതിയില്ലാത്ത ഡ്രോണുകൾ പറത്തിയാൽ കർശന നടപടി സ്വീകരിക്കും.

പാസുള്ളവർക്കു മാത്രമാണ് വള്ളംകളി കാണുന്നതിന് ഗാലറികളിലേക്ക് പ്രവേശനം അനുവദിക്കുക. ഇതിനായി ഫിനിഷിംഗ് പോയിൻറിലേക്കുള്ള റോഡിൽ പ്രത്യേക ബാരിക്കേഡ് ഉണ്ടാകും. ക്യു ആർ കോഡ് പതിച്ച ടിക്കറ്റുകളാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

പാസില്ലാതെ കയറുന്നവർക്കും വ്യാജ പാസുകളുമായി എത്തുന്നവർക്കും പാസില്ലാതെ ബോട്ടിലും മറ്റും ആളുകളെ എത്തിക്കുന്നവർക്കുമെതിരേ കർശന നടപടി ഉണ്ടാകും. വള്ളംകളി കഴിഞ്ഞ് നെഹ്റു പവലിയനിൽനിന്ന് തിരികെ പോകുന്നവർക്കായി ജലഗതാഗത വകുപ്പിൻറെ യാത്രാ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പവലിയനിലേക്ക് പോകുന്നവർ രാവിലെ 10ന് എത്തണം. രാവില എട്ടിനു ശേഷം അനധികൃതമായി ട്രാക്കിൽ പ്രവേശിക്കുന്ന ബോട്ടുകളും ജലയാനങ്ങളും പിടിച്ചെടുക്കും. ഡ്രൈവർമാരുടെ ലൈ സൻസ് സസ്പെൻഡ് ചെയ്യും.

അനൗൺസ്മെൻറ്, പരസ്യബോട്ടുകൾ എന്നിവ രാവിലെ എട്ടിനുശേഷം ട്രാക്കിലും പരിസരത്തും പ്രവേശിക്കാൻ പാടില്ല. മൈക്ക് സെറ്റുകളും പ്രവർത്തിപ്പിക്കാൻ പാടില്ല. വള്ളംകളി ദിവസം പുന്നമട കായലിൽ ട്രാക്കിന് കിഴക്കുഭാഗത്തും പരിസരത്തുമായി അടുപ്പിക്കുന്നതും സഞ്ചരിക്കുന്നതുമായ ഹൗസ് ബോട്ടുകളിലും മോട്ടോർ ബോട്ടുകളിലും അനുവദനീയമായതിൽ കൂടുതൽ ആളുകളെ കയറ്റാൻ പാടില്ല.

പത്രസമ്മേളനത്തിൽ നഗരസഭാധ്യക്ഷ മോളിജേക്കബ്, എഡിഎം സി. പ്രേംജി, ആർഡിഒ ജെ. മോബി, കൺവീനറും ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനിയറുമായ പി.എസ്. വിനോദ്, പബ്ലിസിറ്റി കമ്മിറ്റി കൺവീനറും ജില്ലാ ഇൻഫർമേഷൻ ഓഫീസറുമായ കെ.എസ്. സുമേഷ് എന്നിവർ പങ്കെടുത്തു.



## പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ ലാബ് സംവിധാനമൊരുക്കി ക്ഷീരവകുപ്പ്

**പാലക്കാട്:** ഓണക്കാലത്ത് ജില്ലയിൽ വിപണനത്തിനെത്തുന്ന പാലിന്റെ ഗുണനിലവാരം പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കാര്യാലയത്തിൽ ഗുണനിലവാരപരിശോധന ലാബും ജില്ലാ ഇൻഫർമേഷൻ സെൻററും പ്രവർത്തനമാരംഭിച്ചു.

പൊതുജനങ്ങളും കർഷകരും കൊണ്ടുവരുന്ന പാൽ സാമ്പിളുകളും ഫീൽഡ്തല പരിശോധനയിൽ ലഭ്യമാകുന്ന മാർക്കറ്റ് മിൽക്ക് സാമ്പിളുകളും ഗുണനിലവാരപരിശോധന നടത്തിവരുന്നു. 24 വരെ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ പ്രവർത്തിക്കും. ജില്ലാ ഇൻഫർമേഷൻ സെന്ററിന്റെ ഉദ്ഘാടനം ഡെപ്യൂട്ടി ഡയറക്ടർ ഫെമി വി. മാത്യു നിർവഹിച്ചു. ക്വാളിറ്റി കൺട്രോൾ ഓഫീസർ മാഗി ജോസ് പദ്ധതി വിശദീകരിച്ചു.

## കോഴിക്കോട് ഗവ. മെഡി. കോളജിന് അത്യാധുനിക ഉപകരണങ്ങൾ

**കോഴിക്കോട്:** കോഴിക്കോട് ഗവ. മെഡിക്കൽ കോളജ് ആശുപത്രിയുടെ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾ അത്യാധുനികവൽക്കരിക്കുന്നതിനുമായി 5.13 കോടി രൂപയുടെ പദ്ധതികൾക്ക് സർക്കാരിൻറെ ഭരണാനുമതി ലഭിച്ചു.

കേന്ദ്ര സർക്കാരിന്റെ എസ്എഎസ് സിഐ (സ്പെഷൽ അസിസ്റ്റൻസ് ടു സ്റ്റേറ്റ്സ് ഫോർ കാപിറ്റൽ ഇൻവെസ്റ്റ്മെൻറ്) പദ്ധതിയിലൂടെ അനുവദിച്ച അഞ്ചു കോടി രൂപ വിനിയോഗിച്ച് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്ന് 13 ലക്ഷം രൂപ ചെലവഴിച്ച് ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിൽ പുതിയ റേഡിയോ തെറാപ്പി സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് അനുമതി.

എസ്എ എസ് സിഐ പദ്ധതി പ്രകാരം മെഡിക്കൽ കോളജിലെ ഹൃദ്രോഗ ചികിത്സാ വിഭാഗത്തിനും പ്ലാസ്റ്റിക് സർജറി വിഭാഗത്തിനുമായാണ് അഞ്ചുകോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നത്. ഇതിന്റെ ആദ്യഗഡുവായ 3.3 കോടി രൂപ സർക്കാർ ഇതിനകം അനുവദിച്ചിട്ടുണ്ട്.

ഉപകരണങ്ങൾ ഇടെൻഡർ വഴി സമയബന്ധിതമായി വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകി.

കേരളത്തിലെ സർക്കാർ മേഖലയിൽ ഹൈഡോസ് റേഡിയോ ഐസോടോപ്പ് തെറാപ്പി സൗകര്യമുള്ള ഏക കേന്ദ്രമാണ് കോഴിക്കോട് മെഡിക്കൽ കോളജിലെ ന്യൂക്ലിയർ മെഡിസിൻ വിഭാഗം. റേഡിയോ അയോഡിൻ തെറാപ്പി സ്ഥിരമായി നടന്നു വരുന്ന ഇവിടെ നിലവിലുള്ള ഡിലേ ടാങ്കിന് 30 വർഷത്തിലധികം പഴക്കമുണ്ട്.

ഈ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അടിയന്തരമായി 6000 ലിറ്റർ ശേഷിയുള്ള രണ്ടു പുതിയ ഡിലേ ടാങ്കുകൾ നിർമിക്കാൻ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതിയായത്.

ഈ തുക ആശുപത്രി വികസന സമിതി ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ അനുമതി നൽകിക്കൊണ്ട് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉത്തരവിറക്കി.

## ശബരിമല ഓണംപൂജ: പ്ലാസ്റ്റിക് നിരോധനം ഉറപ്പാക്കും

**പത്തനംതിട്ട:** ശബരിമല ഓണം പൂജയുമായി ബന്ധപ്പെട്ട് നട തുറക്കുന്ന സമയങ്ങളിൽ സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം എന്നിവ ഉറപ്പാക്കുന്നതിനും ശുചീകരണ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിവിധ ഉദ്യോഗസ്ഥരെ ജില്ലാ കളക്ടർ എ. നിസാമുദ്ദീൻ നിയമിച്ചു.

സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ സാനിറ്റേഷൻ സൂപ്പർവൈസർ, സ്ക്വാഡ് ലീഡർ, സ്ക്വാഡ് അംഗങ്ങൾ എന്നീ ചുമതലകളും ലൈസൻ ജോലികളും ഉദ്യോഗസ്ഥർ നിർവഹിക്കും. സ്ക്വാഡ് പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള പ്ലാസ്റ്റിക് ഉത്പന്ന നിരോധനം, നിരോധിത ഉത്പന്നങ്ങളുടെ വില്പന തടയൽ തുടങ്ങിയ ചുമതല നിർവഹിക്കും.

ഓണം പൂജയുമായി ബന്ധപ്പെട്ട് 24 മുതൽ 28 വരെ ശബരിമല നട തുറക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പകർച്ചവ്യാധി പ്രതിരോധത്തിൽ ജനങ്ങളുടെ പങ്കാളിത്തവും ജാഗ്രതയും പ്രധാനം: മന്ത്രി കെ. മുരളീധരൻ

**തിരുവനന്തപുരം:** കൊതുക്ജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും പകർച്ചവ്യാധികൾ തടയുന്നതിനും സമൂഹത്തിന്റെ പൂർണ്ണ പങ്കാളിത്തവും ജാഗ്രതയും അനിവാര്യമാണെന്ന് ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ. ലോക കൊതുക് ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വട്ടിയൂർക്കാവ് എസ് എഫ് എസ് പാരിഷ് ഹാളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടക്കുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ജനങ്ങൾ പൂർണമായി സഹകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ഡ്രൈ ഡേ കൃത്യമായി ആചരിക്കണം. വെള്ളിയാഴ്ചകളിൽ വിദ്യാലയങ്ങളിലും ശനിയാഴ്ചകളിൽ സർക്കാർ ഓഫീസുകളിലും ഞായറാഴ്ചകളിൽ സ്വന്തം വീടുകളിലുമാണ് ഡ്രൈ ഡേ ആചരിക്കേണ്ടത്. ഡെങ്കിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ കൊതുക് ഉറവിട നശീകരണത്തിന് അതീവ പ്രാധാന്യം നൽകണമെന്നും മന്ത്രി പറഞ്ഞു. കുട്ടികൾക്ക് പനി പോലുള്ള രോഗലക്ഷണങ്ങൾ കണ്ടാൽ സ്കൂൾ അധികൃതർ ഒരു കാരണവശാലും അത് മറച്ചുവെക്കരുത്. രോഗവിവരങ്ങൾ ഉടനടി ആരോഗ്യവകുപ്പിനെ അറിയിക്കുന്നത് അടിയന്തര ഇടപെടലുകൾ നടത്താനും രോഗവ്യാപനം തടയാനും സഹായിക്കും. കുടിവെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ തടയുന്നതിനായി ഹോട്ടലുകളിലും തട്ടുകടകളിലും തിളപ്പിച്ചാറിയ വെള്ളം മാത്രമേ ഉപഭോക്താക്കൾക്ക് നൽകുന്നുള്ളൂ എന്ന് ഉറപ്പാക്കണം. പരിശോധനകൾ കർശനമാക്കുമെന്നും നിർദ്ദേശങ്ങൾ പാലിക്കാത്ത വൃത്തിഹീനമായ സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യത്തിന് മരുന്നുകൾ സ്റ്റോക്ക് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ആരോഗ്യ കേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ് നായർ അധ്യക്ഷത വഹിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. മീനാക്ഷി, അഡിഷണൽ ഡയറക്ടർമാരായ ഡോ. റീത്ത കെ. പി, ഡോ. ബി ഉണ്ണികൃഷ്ണൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഡോ. റീത്ത ചടങ്ങിൽ പങ്കെടുത്തവർക്ക് കൊതുക് നശീകരണ ബോധവൽക്കരണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച തത്സമയ ക്വിസ് മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും മന്ത്രി ചടങ്ങിൽ നിർവഹിച്ചു.



# മഹാത്മാഗാന്ധി സർവകലാശാലയിൽ ഒന്നിച്ചോണം 2026

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയുടെ ആഭിമുഖ്യത്തിൽ 'ഒന്നിച്ചോണം 2026' ഓണാഘോഷം സംഘടിപ്പിച്ചു. വ്യാഴാഴ്ച സർവകലാശാലാ ക്യാമ്പസിൽ നടന്ന പരിപാടി വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു. ഏറ്റുമാനൂർ എം.എൽ.എ. ശ്രീ. നാട്ടകം സുരേഷ് വിശിഷ്ടാതിഥിയായി.

ജാതിമത ഭേദമന്യേ ഏവരെയും ഒന്നിച്ചുചേർക്കുന്ന കൂട്ടായ്മയുടെയും ഉൾക്കൊള്ളലിൻറെയും മാതൃകയാണ് ഓണമെന്ന് വൈസ് ചാൻസലർ ഓണസന്ദേശത്തിൽ പറഞ്ഞു. കാലത്തിനും പരിസ്ഥിതിക്കും അനുസരിച്ച് ആഘോഷരീതികളിൽ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും ഓണം ഉൾകൊള്ളുന്ന മൂല്യത്തിന് മാറ്റമുണ്ടായിട്ടില്ല. പ്രതിസന്ധികളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് സന്തോഷം കണ്ടെത്താനുള്ള മലയാളിയുടെ മനസ്സ് ഇതിന് തെളിവാണെന്നും അദ്ദേഹം പറഞ്ഞു.

കോട്ടയത്തിൻറെ വിവധ മേഖലകളിൽ മഴക്കെടുതിയെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾക്കിടയിലാണ് ഇത്തവണത്തെ ഓണാഘോഷമെന്ന് എം. എൽ. എ. നാട്ടകം സുരേഷ് പറഞ്ഞു. ഇന്ന് വലിയ വെല്ലുവിളികൾ നമ്മൾ നേരിടുന്നുണ്ടെങ്കിലും നല്ല നാളെയുടെ പ്രതീക്ഷയാണ് ഓണം പങ്കുവെക്കുന്നത്, അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ സർവ്വകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, ഡോ. രാജേഷ് കോമത്ത്, ഡോ. റോബിനറ്റ് ജേക്കബ്, ഡോ. ഐസൺ വി വഞ്ചിപ്പുരക്കൽ, മിസ്സ്. ആൻ സെബാസ്റ്റ്യൻ, പരീക്ഷാ കൺട്രോളർ ഡോ. സി. എം. ശ്രീജിത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ്ജ് വർഗീസ് നന്ദി രേഖപ്പെടുത്തി.

# അമൃത ആശുപത്രിയുടെ നേതൃത്വത്തിൽ അപസ്മാര സാന്ത്വനം സൗജന്യ മെഡിക്കൽ ക്യാമ്പ്

**കൊച്ചി:** അമൃത ആശുപത്രിയും ബഹിരാകാശ വകുപ്പിന് കീഴിലുള്ള ന്യൂസ്പേസ് ഇന്ത്യ ലിമിറ്റഡ് ഉം ചേർന്ന് നോർത്ത് പറവൂർ കെ. എം. കെ. ആശുപത്രിയിൽ വെച്ച് സൗജന്യ അപസ്മാര മെഡിക്കൽ ക്യാമ്പ് 'അപസ്മാര സാന്ത്വനം' സംഘടിപ്പിക്കുന്നു.ഓഗസ്റ്റ് 22 ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചക്ക് 2 വരെ ആണ് ക്യാമ്പ് നടക്കുക. അപസ്മാരത്തെ കുറിച്ചുള്ള സംശയ നിവാരണം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് സൗജന്യ പരിശോധന, ബോധവത്കരണ ക്ലാസ് തുടങ്ങിയ സേവനങ്ങൾ ക്യാമ്പിൽ ലഭ്യമായിരിക്കും. മരുന്നുകളോട് പ്രതികരിക്കാത്ത അപസ്മാരം ഉള്ള രോഗികൾക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. അർഹരായ രോഗികൾക്ക് സൗജന്യ ശസ്ത്രക്രിയക്കുള്ള സംവിധാനവും ക്യാമ്പിന്റെ ഭാഗമായി ഉണ്ടായിരിക്കും.

കൊച്ചി അമൃത ആശുപത്രിയിലെ എപ്പിലെപ്സി വിഭാഗം മേധാവി ഡോ. സിബി ഗോപിനാഥ്, ന്യൂറോളജി വിഭാഗം മേധാവി ഡോ. ആനന്ദ് കുമാർ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നതിനായി 8606553585, 9400998546 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# എട്ട് രാജ്യങ്ങളിലെ 225ലേറെ താരങ്ങൾ; ഇന്ത്യ ജൂനിയർ ഇന്റർനാഷണൽ സീരീസിന് തുടക്കം

**കൊച്ചി:** ഇന്ത്യ ജൂനിയർ ഇന്റർനാഷണൽ സീരീസ് 2026ന് കോട്ടക് പുല്ലേല ഗോപിചന്ദ് ബാഡ്മിന്റൺ അക്കാദമിയിൽ തുടക്കമായി. ഇന്ത്യയടക്കം എട്ട് രാജ്യങ്ങളിൽ നിന്നായി 225ലധികം ജൂനിയർ താരങ്ങൾ മത്സരത്തിൽ പങ്കെടുക്കും. ഇന്ത്യ, ഇംഗ്ലണ്ട്, മലേഷ്യ, തായ്‌ലൻഡ്, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, യുഎസ്, യുഎഇ എന്നീ രാജ്യങ്ങളിൽ നിന്നുള്ള താരങ്ങളാണ് സിംഗിൾസ്, ഡബിൾസ് വിഭാഗങ്ങളിൽ മാറ്റുരയ്ക്കുന്നത്.

അന്താരാഷ്ട്ര ജൂനിയർ താരങ്ങളുമായി മത്സരിക്കാനും വിലപ്പെട്ട ബാഡ്മിന്റൺ വേൾഡ് ഫെഡറേഷൻ റാങ്കിങ് പോയിന്റുകൾ നേടാനും ഇന്ത്യൻ താരങ്ങൾക്ക് ടൂർണമെന്റ് അവസരമൊരുക്കും. വിവിധ രാജ്യങ്ങളിൽ നിന്നുള്ള താരങ്ങളുടെ പങ്കാളിത്തം കായികമികവിനൊപ്പം സൗഹൃദവും സാംസ്കാരിക കൈമാറ്റവും പ്രോത്സാഹിപ്പിക്കുമെന്നും സംഘാടകർ അറിയിച്ചു. ഓഗസ്റ്റ് 23നാണ് ഫൈനൽ മത്സരങ്ങളും തുടർന്ന് സമ്മാനദാന ചടങ്ങും. കോട്ടക് മഹീന്ദ്ര ബാങ്കും പുല്ലേല ഗോപിചന്ദ് ബാഡ്മിന്റൺ ഫൗണ്ടേഷനും തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമായി യുവ ബാഡ്മിന്റൺ താരങ്ങളുടെ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമായാണ് ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. അക്കാദമിയിലെ അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന സൗകര്യങ്ങളും മത്സരവേദിയും യുവതാരങ്ങൾക്ക് ഉയർന്ന തലത്തിലുള്ള മത്സരപരിചയം നേടാൻ സഹായിക്കും.



# ഖലീഫ ദി ലെഗസി തുടരും

പ്രേക്ഷകരെ ആവേശഭരിതമാക്കി പൃഥ്വിരാജ് വൈശാഖ് ചിത്രം ഖലീഫ തിയേറ്ററുകളിൽ മികച്ച പ്രകടനം കാഴ്ചവെച്ച് പ്രദർശനം തുടരുന്നു. ആദ്യ ഷോ കഴിഞ്ഞപ്പോഴേ ഗംഭീര അഭിപ്രായങ്ങളാണ് പുറത്ത് വരുന്നത്. കൂടാതെ ചിത്രത്തിന്റെ രണ്ടാം ഭാഗമായ 'ഖലീഫ ദി ലെഗസി'യുടെ പ്രഖ്യാപനം റിലീസ് ദിവസം വൈകുന്നേരം അണിയറ പ്രവർത്തകർ പുറത്തു വിട്ടു. പൃഥ്വിരാജിന്റെ മാസ്സും ആക്ഷനും പഞ്ച് ഡയലോഗും ജേക്സ് ബിജോയിയുടെ കിടിലൻ സംഗീത സംവിധാനവും ചിത്രത്തെ വെറെ റേഞ്ചിലേക്കാണ് എത്തിയിരിക്കുന്നത്. സിനിമ കണ്ടവരെല്ലാം പോസ്റ്റീവ് റെസ്പോൺസാണ് നൽകുന്നത്. പൃഥ്വിരാജിന്റെ വ്യത്യസ്ത ലുക്കും മോഹൻലാലിന്റെ ഗസ്റ്റ് റോളും പ്രേക്ഷകരെ ശരിക്കും കോരിത്തരിപ്പിച്ചിട്ടുണ്ട്. കൂടാതെ ചിത്രത്തിൽ മറ്റ് സസ്പെൻസ് കഥാപാത്രങ്ങളും പ്രേക്ഷകർക്ക് പുതുമ സമ്മാനിക്കുന്നുണ്ട് കുടുംബ പ്രേക്ഷകർക്കും യുവാക്കൾക്കും ആഘോഷമാക്കാനായി ഈ ഓണത്തിന് നല്ലൊരു വിരുന്ന് തന്നെയാണ് വൈശാഖ് പ്രേക്ഷകർക്ക് നൽകിയിരിക്കുന്നത്. പൃഥ്വിരാജിന്റെ ആക്ഷൻ പരിവേഷത്തോടൊപ്പം വൈശാഖിന്റെ ട്രേഡ്മാ!ർക്ക് മാസ്സ് പാക്കേജ് സംവിധാനവും ചേ!ർന്നതോടെ സിനിമ ബോക്സ് ഓഫീസ് കയ്യടക്കുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ജോമോൻ.ടി.ജോണിന്റെ ഛായാഗ്രഹണവും ചമൻ ചാക്കോയുടെ എഡിറ്റിങ്ങും സിനിമയുടെ ആവേശത്തിന് മാറ്റ് കൂട്ടുന്നുണ്ട്.




നിഴലായി കൂടെ നടന്ന സുഹൃത്ത് സമദിനെ സഹോദരിയുടെ വിവാഹത്തിന് തൊട്ടടുത്ത ദിവസം അമീർ അലി കസ്റ്റംസിന് ഒറ്റിക്കൊടുക്കുന്നിടത്താണ് സിനിമ ആരംഭിക്കുന്നത്. കസ്റ്റംസിന്റെ കസ്റ്റഡിയിലിരുന്ന് സമദ് അമീർ അലിയുടെ കഥ പറയുകയാണ് കഥാസഞ്ചാരം. ഇന്ത്യയിൽ കോഫെപോസെ നിയമമുണ്ടാക്കാൻ കാരണക്കാരനായ സ്വർണക്കള്ളക്കടത്തുകാരൻ മാമ്പറത്ത് അഹമ്മദ് ആലിയുടെ പിൻതലമുറക്കാരുടെ കഥയാണ് ഖലീഫ. പതിനാറു വയസ്സിൽ പിതാവിനെ അവസാനമായി കണ്ട അഹമ്മദ് ആലിയുടെ മകൻ ജീവിതത്തിൽ ഒരിക്കലും സ്വർണക്കടത്ത് നടത്തില്ലെന്ന് തീരുമാനിച്ചാണ് ജീവിക്കുന്നത്. പക്ഷേ ചെയ്യാത്ത കുറ്റത്തിന്, അയാൾ ശിക്ഷിക്കപ്പെടുന്നു. വേട്ടയാടിയ ജീവിതം തിരികെപ്പിടിക്കാൻ അയാൾ വീണ്ടും സ്വർണക്കടത്തിന് ഇറങ്ങുകയാണ്. പിന്നീട് കുടുംബത്തിനു വേണ്ടി പോരാട്ടത്തിന് ഇറങ്ങുന്ന മാമ്പറത്ത് ആമിർ അലി എങ്ങനെ കണക്കുകൾ എണ്ണിയെണ്ണി തീർ!ക്കുന്നുവെന്നാണ് സിനിമ പറയുന്നത്. ചിത്രത്തിന്റെ രണ്ടാം ഭാഗമായ ഖലീഫ ദി ലെഗസി എന്താണ് കഥാഗതി, ആരൊക്കെയാണ് കഥാപാത്രങ്ങൾ എന്നിങ്ങനെ ചർച്ചകൾ സോഷ്യൽ മാധ്യമങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു.

ജിനു ഇന്നോവേഷൻസിന്റെ ബാനറിൽ നി!ർമ്മിച്ച ചിത്രത്തിന്റെ തിരക്കഥയും നി!ർമ്മാണവും ജിനു എബ്രഹാമാണ് വഹിച്ചത്. സൂരജ് കുമാർ, ശ്രീലാൽ സൂരപാണി, സിജോ സെബാസ്റ്റ്യൻ എന്നിവരാണ് സഹനിർമ്മാതാക്കൾ. മാളവിക ശർമ്മ, നീൽ നിതിൻ മുകേഷ്, രഞ്ജി പണിക്കർ, സഞ്ജു ശിവറാം, ശിവജിത്, ഇന്ദ്രൻസ്, ഷമ്മി തിലകൻ, ഷൈൻ വർഗീസ്, ആനന്ദ് മന്മഥൻ, ഡോൺ മൈക്കിൾ, മോഹിനി, കൈറാ, മാസ്റ്റർ നഫാഷ് തുടങ്ങിയവരും ചിത്രത്തിലുണ്ട്. ഓരോ കഥാപാത്രങ്ങളും ചിത്രത്തിന്റെ കഥാഗതിയോട് ചേർന്ന് നിന്ന് മികച്ചതാക്കി. ചിത്രത്തിന്റെ ട്രെയിലർ അടുത്തിടെയാണ് അണിയറ പ്രവർത്തകർ പുറത്തുവിട്ടത്. ട്രെയിലറിന്റെ അവസാനത്തിൽ കാണിച്ചത് മോഹൻലാലിനെയാണോ എന്ന് പ്രേക്ഷകർ ചോദിച്ചിരുന്നു. ചിത്രത്തിന്റേതായ് നേരത്തെ പുറത്തുവിട്ട് വാർത്തകളിൽ മാമ്പറയ്ക്കൽ അഹമ്മദ് അലിയായി മോഹൻലാൽ അതിഥി വേഷത്തിൽ എത്തുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. അക്കാരണത്താൽ പൃഥ്വിരാജിനോടൊപ്പം മലയാളത്തിന്റെ ഇതിഹാസം മോഹൻലാലിനെയും പ്രതീക്ഷിച്ചാണ് പ്രേക്ഷകർ ഖലീഫ കാണാനെത്തിയത്. ഛായാഗ്രഹണം: ജോമോൻ ടി ജോൺ, സംഗീതം: ജേക്സ് ബിജോയ്, എഡിറ്റിംഗ്: ചമൻ ചാക്കോ, പ്രൊഡക്ഷൻ ഡിസൈനർ: മോഹൻദാസ്, ആക്ഷൻ: യാനിക്ക് ബെൻ, ഫീനിക്സ് പ്രഭു, ചേതൻ ഡിസൂസ, കോ ഡയറക്ടർ: സുരേഷ് ദിവാകർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: ഷൈൻ വർഗീസ്, കോസ്റ്റ്യൂംസ്: മഷർ ഹംസ, കലാസംവിധാനം: വിശ്വനാഥ് അരവിന്ദ്, മേക്കപ്പ്: അമൽ ചന്ദ്രൻ, സൗണ്ട് ഡിസൈൻ: സിങ്ക് സിനിമ, അഡീഷണൽ മ്യൂസിക്: ജാബിർ സുലൈം, ഫൈനൽ മിക്സ്: എം ആർ രാജാകൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ: റെനി ദിവാകർ, വിനോഷ് കൈമൾ, കളറിസ്റ്റ്: ശ്രീക്ക് വാര്യർ, പോസ്റ്റർ ഡിസൈൻ: എയ്സ്തെറ്റിക്ക് കുഞ്ഞമ്മ, ഡി ഐ: കളർ പ്ലാനറ്റ്, വിഎഫ്എക്സ്: പ്രശാന്ത് നായർ (ദഡിഎസ്), പ്രൊമോഷൻസ് ആൻഡ് മാർക്കറ്റിങ്: വിപിൻ കുമാർ പൊഫാറ്റിയോ, സ്റ്റിൽസ്: സിനത് സേവ്യർ.



# ദി ബ്രേക്ക് ചിത്രീകരണം തിരുവനന്തപുരത്ത് തുടങ്ങി

ബ്രിട്ടീഷ് ബംഗ്ലാവ് എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ സുബൈർ ഹമീദ് സംവിധാനം നിർവഹിക്കുന്ന പുതിയ ചിത്രമായ ദി ബ്രേക്ക് എന്ന ചിത്രത്തിന്റെ പൂജ ഓഗസ്റ്റ് 17 ന് ആറ്റിങ്ങൽ കാളി വിളാകം ക്ഷേത്രത്തിൽ നടന്നു. ജയൻ ചേർത്തല, കാലടി ഓമന, നിർമാതാക്കളായ നജീബ് യു.കെ, ആർ.ജി.ജയരാജൻ എന്നിവർ ഭദ്രദീപം തെളിയിച്ചു. വ്യത്യസ്തമായൊരു ഹൊറർ ആക്ഷൻ ഫിലിമാണിത്. ഫീനിക്സ് മീഡിയ ഫിലിം പ്രൊഡക്ഷൻസിനു വേണ്ടി നജീബ് യു.കെ, ആർ.ജി.ജയരാജൻ എന്നിവർ നിർമിക്കുന്ന ദി ബ്രേക്ക് സുബൈർ ഹമീദ് സംവിധാനം ചെയ്യുന്നു. കഥ,തിരക്കഥ, സംഭാഷണം ജയൻ വി. പോറ്റി തച്ചക്കോട്, ഡി.ഒ.പി ഗോഗുൽ കാർത്തിക്, ചീഫ് അസോസിയേറ്റ് ഡയറക്ടർ ജയകൃഷ്ണൻ തൊടുപുഴ, ഗാനം ഉൻമേഷ്ചൈത്രം, സംഗീതം ഡോ. പുനലൂർ ശ്യാം നാഥ്, ആലാപനം വൈക്കം വിജയലക്ഷ്മി, പ്രൊഡക്ഷൻ കൺട്രോളർ സാബു ഘോഷ്, ആർട്ട് കൃഷ്ണദാസ്, കോസ്റ്റ്യൂം ശ്രീനി, മേക്കപ്പ് ഷൈനി അശോകൻ, സ്റ്റിൽ ഷാനി കൊടുങ്ങാനൂർ, ജയൻ ചേർത്തല, നിമിഷ ഉണ്ണികൃഷ്ണൻ, കാലടി ഓമന, ബാലൻ മന്നാടിയാർ, ടി.ആർ. വിഷ്ണു, നജീബ് യു.കെ, ആർ.ജി. ജയരാജൻ, സൗമ്യ, നജീന ആലംകോട്, നവ്യ വിജയകുമാർ, ദേവിക, ബേബി നിഹഞ്ജന, ശ്യാം, ജയൻ വി. പോറ്റി, ലീന, പല്ലവി രഞ്ജൻ എന്നിവരോടൊപ്പം, പ്രമുഖ മലയാളം, തമിഴ് താരങ്ങളും ചിത്രത്തിൽ അണിനിരക്കും. പിആർഒഅയ്മനം സാജൻ.

# വരും വരാതിരിക്കില്ല, മഹാബലി ചിത്രം ഓണനാളിൽ



മഹാബലിയുടെ വ്യത്യസ്ത മുഖം അവതരിപ്പിക്കുകയാണ് വരും വരാതിരിക്കില്ല എന്ന അരമണിക്കൂർ ചിത്രം. അഭിനവ് ഫിലിം ഫാക്ടറിക്കു വേണ്ടി ജസ്റ്റസ് (രവി തമ്പി) നിർമാണം, സംവിധാനം നിർവഹിക്കുന്ന ഈ ചിത്രം കൈരളിയിൽ ഓഗസ്റ്റ് 25 ന് 330 മുതൽ ടെലികാസ്റ്റ് ചെയ്യും.

ചെറായി ബീച്ചിന്റെ പശ്ചാത്തലത്തിൽ ഒരു മൽസ്യത്തൊഴിലാളിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി ചിത്രീകരിച്ച ഈ ഫിലിം മറ്റ് ബഹാബലി ചിത്രങ്ങളിൽ നിന്നും വ്യത്യസ്തമായ കഥയും അവതരണവുമായി പുതുമ പുലർത്തുന്നു.

മദ്യത്തിന് അടിമയായ മൽസ്യത്തൊഴിലാളിയുടെ മകളെ, ഒരു പ്രത്യേക സാഹചര്യത്തിൽ കാണാതാവുന്നു. അവിടെ ഒരു രക്ഷകനായി അവതരിക്കുന്ന മഹാബലി പിന്നീട് മൽസ്യത്തൊഴിലാളിയെ നന്മയുടെ പാതയിലേക്ക് നയിക്കുന്നു.

വ്യത്യസ്തമായ കഥയും അവതരണവും കാഴ്ചവെക്കുന്ന വരും വരാതിരിക്കില്ല പ്രേക്ഷകർക്ക് പുതിയൊരു ദൃശ്യാനുഭവമായിരിക്കും.

മഹാബലിയായി സൂപ്പർ സ്റ്റാർ എന്ന ചിത്രത്തിലൂടെ ശ്രദ്ധേയനായ മദൻലാലും, മൽസ്യത്തൊഴിലാളിയുടെ മകളായി ശ്രീഭദ്ര കെ.രാജും വേഷമിടുന്നു.

അഭിനവ് ഫിലിം ഫാക്ടറിക്കു വേണ്ടി ജസ്റ്റസ് (രവി തമ്പി ) നിർമ്മാണം, സംവിധാനം നിർവഹിക്കുന്ന വരും വരാതിരിക്കില്ല.

തിരക്കഥ മധു വിശ്വനാഥ്, കാമറ പ്രതീഷ്ജോയ്, എഡിറ്റർവിഷ്ണു ഗോപിനാഥ്, കോ. പ്രൊഡ്യൂസർ രാജേഷ് കെ. മുകുന്ദൻ, അസോസിയേറ്റ് ഡയറക്ടർ രാഹുൽ കുറ്റിക്കാട്, മേക്കപ്പ് ബിനില കോടഞ്ചേരി, പ്രൊഡക്ഷൻ കൺട്രോളർ പി.സി മുഹമ്മദ്, പി.ആർ.ഒ അയ്മനം സാജൻ.

# ടെംപിൾ ആഭരണ ശേഖരവുമായി ഇൻഡിനൂർ



**കൊച്ചി:** ഓണാഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ ഇൻഡിനൂർ സഹസ്ഥാപക ഷനായ കപൂർ പ്രത്യേകം തിരഞ്ഞെടുത്ത ടെംപിൾ ആഭരണ ശേഖരം അവതരിപ്പിച്ചു. ദക്ഷിണേന്ത്യൻ ആഭരണ പാരമ്പര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ശേഖരത്തിൽ പരമ്പരാഗത ശൈലിയും ആധുനിക ഡിസൈനും സമന്വയിപ്പിച്ച ആഭരണങ്ങളാണുള്ളത്. താമര, കേരി തുടങ്ങിയ ക്ഷേത്രാഭരണ മോട്ടിഫുകൾ ഉൾപ്പെടുത്തിയ ഡിസൈനുകൾ നെക്ലേസ്, കമ്മൽ, വള, മോതിരം തുടങ്ങിയ വിഭാഗങ്ങളിലുണ്ട്. കസവ് സാരിയോടൊപ്പം ധരിക്കാനും ആധുനിക വസ്ത്രങ്ങളുമായി അണിയാനും അനുയോജ്യമായ രീതിയിലാണ് ശേഖരം ഒരുക്കിയിരിക്കുന്നത്. പാരമ്പര്യത്തെ ആധുനിക സ്ത്രീയുടെ ശൈലിക്ക് അനുയോജ്യമാക്കുകയാണ് ശേഖരത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ഇൻഡിനൂർ വ്യക്തമാക്കി. ആഘോഷവേളകൾക്കപ്പുറവും ഉപയോഗിക്കാവുന്ന ആഭരണങ്ങളാണ് ശേഖരത്തിന്റെ പ്രത്യേകത.

## ദക്ഷിണേന്ത്യയിൽ 100ലധികം സർവീസ് സെന്ററുകളുമായി എഐ പ്ലസ് സ്മാർട്ട്ഫോൺ




**കൊച്ചി:** ദക്ഷിണേന്ത്യയിലെ ഉപഭോക്തൃ സേവന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ത്യൻ സ്മാർട്ട്ഫോൺ ബ്രാൻഡായ എഐ പ്ലസ് 100ലധികം പുതിയ അംഗീകൃത സർവീസ് സെന്ററുകൾ ആരംഭിച്ചു. എട്ട് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 74 നഗരങ്ങളിലായി നിലവിൽ 106 സർവീസ് സെന്ററുകളാണ് പ്രവർത്തിക്കുന്നത്. കർണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലങ്കാന എന്നിവിടങ്ങളിൽ സേവന ലഭ്യത കൂടുതൽ മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. ഉപഭോക്താക്കൾക്ക് വേഗത്തിലും വിശ്വസനീയമായും വിൽപ്പനാനന്തര സേവനം ഉറപ്പാക്കുന്നതിനൊപ്പം, സ്പെയർ പാർട്സുകളുടെ ലഭ്യതയും സാങ്കേതിക സേവനങ്ങളുടെ ഗുണനിലവാരവും ശക്തിപ്പെടുത്തുമെന്നും കമ്പനി അറിയിച്ചു. ദക്ഷിണേന്ത്യയിലെ വിപണി സാന്നിധ്യം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി വരും മാസങ്ങളിൽ സർവീസ് ശൃംഖല വീണ്ടും വികസിപ്പിക്കാനും എഐ പ്ലസ് പദ്ധതിയിടുന്നു.

# കേരള സൈബർ സുരക്ഷാ ഉച്ചകോടി കൊച്ചിയിൽ

**കൊച്ചി:** രാജ്യത്തെ സൈബർ സുരക്ഷാമേഖലയ്ക്കു ദിശാബോധം നൽകുന്ന കേരള സൈബർ സുരക്ഷാ ഉച്ചകോടി (കെസിഎസ്എസ്) കൊച്ചിയിൽ നടക്കും. നിർമിതബുദ്ധിയുടെ കാലത്തെ സൈബർ പ്രതിരോധശേഷി എന്ന വിഷയത്തിൽ സെപ്റ്റംബർ അഞ്ചിന് ലേ മെറിഡിയൻ ഹോട്ടലിലാണു ഉച്ചകോടി. എഫ്9 ഇൻഫോടെക്കിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെയും കേരള സ്റ്റാർട്ടപ്പ് മിഷന്റെയും (കെഎസ്‌യുഎം) സഹകരണത്തോടെയാണു പരിപാടി സംഘടിപ്പിക്കുന്നത്. ഡിഎസ്‌സിഐ, ടൈ കേരള, കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് എന്നിവയാണ് പ്രധാന പങ്കാളികൾ.

ഡിജിറ്റൽ സുരക്ഷയിൽ കേരളത്തെ മുന്നിലെത്തിക്കാനും ആഗോളതലത്തിൽ ശ്രദ്ധേയമായ ടെക് ഹബായി കൊച്ചിയെ വളർത്താനും ലക്ഷ്യമിടുന്ന ഉച്ചകോടിയെ, ഒറാക്കിൾ, ആമസോൺ വെബ് സർവീസസ് (എഡബ്ല്യുഎസ്), ഗൂഗിൾ, മൈക്രോസോഫ്റ്റ്, സിസ്കോ, സീസ്കെലർ തുടങ്ങിയ പ്രമുഖ സാങ്കേതിക സ്ഥാപനങ്ങൾ പിന്തുണയ്ക്കുന്നുണ്ട്. തത്സമയ എഐ അറ്റാക്ക് സിമുലേഷനുകൾ, ടെക്നിക്കൽ മാസ്റ്റർ ക്ലാസുകൾ എന്നിവ ഉച്ചകോടിയിലുണ്ടാകും.

# മുത്തൂറ്റ് എംക്രെഡിന്റെ അറ്റാദായത്തിൽ 232.73 ശതമാനം വർദ്ധനവ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്വർണ്ണപ്പണയ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിലൊന്നായ മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് (മുമ്പ് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ്) 2026 ജൂൺ 30ന് അവസാനിച്ച സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മികച്ച സാമ്പത്തിക വളർച്ച കൈവരിച്ചു.

കമ്പനിയുടെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 232.73 ശതമാനം വർദ്ധിച്ച് ആദ്യപാദത്തിൽതന്നെ 100.29 കോടി രൂപയായി ഉയർന്നു. ആകെ കൈകാര്യം ചെയ്യുന്ന ആസ്തി വാർഷികാടിസ്ഥാനത്തിൽ 58.53 ശതമാനം വളർച്ചയോടെ 7,098.38 കോടി രൂപയിലെത്തി. നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ കമ്പനിയുടെ ആകെ വരുമാനം 76.38 ശതമാനം വർദ്ധിച്ച് 399.64 കോടി രൂപയായി രേഖപ്പെടുത്തി.

2026 ജൂൺ 30ലെ കണക്കനുസരിച്ച് ആകെ നിഷ്ക്രിയ ആസ്തി 0.59 ശതമായും, അറ്റ നിഷ്ക്രിയ ആസ്തി 0.24 ശതമായും നിലനിർത്താൻ കമ്പനിക്ക് സാധിച്ചു. കമ്പനിയുടെ ലാഭക്ഷമതയും ആസ്തി വിനിയോഗവും വ്യക്തമാക്കുന്ന ആസ്തിയിൽ നിന്നുള്ള ലാഭനിരക്ക് 2026 മാർച്ച് 31 ലെ 2.84 ശതമാനത്തിൽ നിന്ന് 5.17 ശതമാനമായി വർദ്ധിച്ചു. ഈ നേട്ടം മുത്തൂറ്റ് എംക്രെഡിനെ മേഖലയിലെ മുൻനിര സ്ഥാപനങ്ങളുടെ നിരയിലെത്തിച്ചു.



കമ്പനിയുടെ ശാഖകളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ 3.76 ശതമാനം വർദ്ധിച്ച് 958ൽ നിന്ന് 994 ആയി ഉയർന്നു. വിവിധ പ്രദേശങ്ങളിലേക്ക് ശാഖാ ശൃംഖല വിപുലീകരിക്കാൻ കമ്പനി പദ്ധതിയിടുന്നു. പ്രധാന വിപണികളിൽ സാന്നിധ്യം ശക്തമാക്കുന്നതിനും, പുതിയ ഉപഭോക്താക്കളിലേക്ക് എത്തുന്നതിനും, സാമ്പത്തിക സേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമാണ് കമ്പനി മുൻഗണന നൽകുന്നത്.

നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ലാഭം, ആസ്തി, ശാഖാ ശൃംഖല എന്നിവയിലെല്ലാം മികച്ച വളർച്ചയോടെയാണ് മുത്തൂറ്റ് എംക്രെഡ് തുടക്കം കുറിച്ചതെന്ന് എം.ഡി മാത്യു മുത്തൂറ്റ് പറഞ്ഞു. കമ്പനിയുടെ ബിസിനസ് മാതൃക, മികച്ച പോർട്ട്ഫോളിയോ മാനേജ്മെന്റ്, ഉപഭോക്താക്കളുടെ വിശ്വാസം എന്നിവയാണ് ഈ നേട്ടത്തിന് പിന്നിൽ. ഭാവിയിലും സുസ്ഥിര വളർച്ച, ഉത്തരവാദിത്തമുള്ള വായ്പാ വിതരണം, സ്ഥാപനത്തിന്റെ ശേഷി വർദ്ധിപ്പിക്കൽ എന്നിവ വഴി പങ്കാളികൾക്കെല്ലാം ദീർഘകാല നേട്ടം ഉറപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

കാര്യക്ഷമമായ പ്രവർത്തനങ്ങളും മികച്ച ആസ്തി ഗുണമേന്മയുമാണ് ആദ്യ പാദത്തിലെ നേട്ടത്തിന് കാരണമെന്ന് മുത്തൂറ്റ് എംക്രെഡ് സി.ഇ.ഒ പി. ഇ. മത്തായി പറഞ്ഞു. ശാഖകളുടെ വിപുലീകരണവും സാങ്കേതിക വിദ്യയുമാണ് സെക്യൂവേർഡ് വായ്പകളിൽ വളർച്ച നൽകിയത്. വരും ദിവസങ്ങളിൽ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും കൃത്യമായ റിസ്ക് മാനേജ്മെന്റോടെ ബിസിനസ് വളർത്തുന്നതിനും കമ്പനി തുടർന്നും മുൻഗണന നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# ക്രോംപ്ടൺ ഗ്രീവ്സിന് പുതിയ മാസ്റ്റർ ബ്രാൻഡ് ഐഡന്റിറ്റി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഉപഭോക്തൃ ഇലക്ട്രിക്കൽ കമ്പനിയായ ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് തങ്ങളുടെ പുതിയ മാസ്റ്റർ ബ്രാൻഡ് ഐഡന്റിറ്റി അനാച്ഛാദനം ചെയ്തു. നൂതനാശയങ്ങളും പ്രീമിയംവൽക്കരണവും ലക്ഷ്യമിട്ടുള്ള കമ്പനിയുടെ തന്ത്രപരമായ പരിവർത്തനമായ 'ക്രോംപ്ടൺ 2.0'ന്റെ ഭാഗമായാണ് ഈ മാറ്റം. പുതിയ വിഷ്വൽ ഐഡന്റിറ്റിയുടെ ഭാഗമായി 'സാഫയർ' എന്ന പുതിയ ചിഹ്നവും, 'അത്ഭുതകരം, എല്ലാ ദിവസവും' എന്ന പുതിയ ടാഗ്‌ലൈനും, ഒപ്പം ഒരു വ്യതിരിക്തമായ സോണിക് (ഓഡിയോ) ഐഡന്റിറ്റിയും കമ്പനി അവതരിപ്പിച്ചു.

ഉപഭോക്താക്കളുടെ മാറുന്ന ആവശ്യങ്ങൾ മുൻനിർത്തി ബ്രാൻഡഡ് പ്ലാറ്റ്ഫോമുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 'എനർജിയൻ' വിപുലീകരിക്കുകയും 'ക്രോംപ്ടൺ റിയോൺ' എന്ന സൂപ്പർപ്രീമിയം ബ്രാൻഡ് പുതുതായി പുറത്തിറക്കുകയും ചെയ്തു. സംയോജിത എനർജി ആവാസവ്യവസ്ഥയെ ലക്ഷ്യമിട്ടുള്ളതാണ് എനർജിയൻ പ്ലാറ്റ്ഫോം. ഉയർന്ന നിലവാരമുള്ള ആധുനിക ജീവിതം ആഗ്രഹിക്കുന്നവർക്കായി നൂതന സാങ്കേതികവിദ്യയും ഗംഭീര രൂപകൽപ്പനയും സമന്വയിപ്പിച്ചാണ് റിയോൺ അവതരിപ്പിച്ചിരിക്കുന്നത്.

'പ്രൊവസ് ഇൻസൈഡ്, പോയ്സ് ഔട്ട്സൈഡ്' എന്ന തത്വചിന്തയിൽ അധിഷ്ഠിതമായ ക്രോംപ്ടൺ റിയോണിന്റെ ആദ്യ ഉൽപ്പന്നമായി 'റിയോൺ വാട്ടർ ബയോഫയർ' വാട്ടർ പ്യൂരിഫയർ വിപണിയിലെത്തിച്ചു. ഏകദേശം 5,565 കോടി രൂപ മൂല്യമുള്ളതും ഗാർഹിക വ്യാപനം 6% മാത്രമുള്ളതുമായ ഇന്ത്യൻ ഇലക്ട്രിക് വാട്ടർ പ്യൂരിഫയർ വിപണിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

85 വർഷത്തിലേറെയുള്ള വിശ്വാസ്യത നിലനിർത്തിക്കൊണ്ടുതന്നെ ഉപഭോക്താക്കളുടെ ജീവിതം കൂടുതൽ ലളിതമാക്കാനും ദീർഘകാല മൂല്യം സൃഷ്ടിക്കാനുമാണ് ഈ മാറ്റങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് ക്രോംപ്ടൺ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പ്രമീത് ഘോഷ് വ്യക്തമാക്കി. വരുംദിവസങ്ങളിൽ പാക്കേജിംഗ്, ഉൽപ്പന്നങ്ങൾ, റീട്ടെയിൽ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവയിലുടനീളം പുതിയ ബ്രാൻഡ് ഐഡന്റിറ്റി നടപ്പിലാക്കും.



# ‘ഐ.സി.എൽ ഒന്നിച്ചോണം പൊന്നോണം2026’ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ഇരിങ്ങാലക്കുട കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ പ്രമുഖ ബാങ്കിതര ധനകാര്യ സ്ഥാപനമായ ഐ.സി.എൽ ഫിൻകോർപ്പിന്റെ നേതൃത്വത്തോടെ ഇരിങ്ങാലക്കുട പൗരാവലി സംഘടിപ്പിക്കുന്ന ഓണാഘോഷം ആഗസ്റ്റ് 23ന് വൈകിട്ട് മൂന്നിന് മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും.

ചടങ്ങിൽ ഐ.സി.എൽ ഫിൻകോർപ്പ് സിഎംഡി അഡ്വ. കെ.ജി.അനിൽ കുമാർ അധ്യക്ഷത വഹിക്കും.യുവജനക്ഷേമ വകുപ്പ് മന്ത്രി ഒ.ജെ.ജനീഷ് മുഖ്യാതിഥിയാകും. ഐ.സി.എൽ ഓൾടൈം ഡയറക്ടറും സി.ഇ.ഒയുമായ ഉമ അനിൽ കുമാർ, ബിഷപ്പ് പോളി കണ്ണൂക്കാടൻ, മുൻ മന്ത്രി ആർ.ബിന്ദു, തൃശ്ശൂർ ജില്ലയിലെ വിവിധ നിയോജകണ്ഡലങ്ങളിലെ എം.എൽ.എമാർ, ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർമാൻ തുടങ്ങിയവർ പ്രസംഗിക്കും. കൂടൽമാണിക്യം ക്ഷേത്രത്തിന് സമീപത്തു നിന്നും ആരംഭിച്ച് ഠാണാവ് വഴി മുനിസിപ്പൽ മൈതാനിയിൽ സമാപിക്കുന്ന വിധം സാംസ്കാരിക ഘോഷയാത്രയും ഓണാഘോഷത്തിന്റെ ഭാഗമായി നടക്കും.

പുലിക്കളി, കുമ്മാട്ടിക്കളി, ഫ്ളാഷ് മോബ്, തിരുവാതിരക്കളി, ടാബ്ലോ, ഓണവുമായിബന്ധപ്പെട്ട ഫാൻസി ഡ്രസ്സ് തുടങ്ങി നിരവധി കലാരൂപങ്ങളും വാദ്യഘോഷങ്ങളും ഘോഷയാത്രയ്ക്ക് മാറ്റുകൂട്ടും. കൂടാതെ ചലചിത്ര രംഗത്തെ പ്രമുഖരുടെ സാന്നിധ്യത്തിൽ ബിഗ് സ്ക്രീൻ അവാർഡ് സന്ധ്യ, ചലചിത്ര താരം ആശ ശരത്തിന്റെ നേതൃത്വത്തിൽ കലാ മേളയും സംഘടിപ്പിച്ചിട്ടുണ്ടെന്ന് കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ തോമസ് ഉണ്ണിയാടൻ എം.എൽ.എ, ഐ.സി.എൽ ഫിൻകോർപ്പ് സിഎംഡി അഡ്വ. കെ.ജി.അനിൽ കുമാർ, സി.ഇ.ഒ ഉമ അനിൽ കുമാർ, സിഎഫ്ഒ മാധവൻകുട്ടി തെക്കേടത്ത്, കമ്പനി സെക്രട്ടറി ടി.വി.വൈശാഖ് എന്നിവർ അറിയിച്ചു. മുപ്പതിനായിരത്തിൽ അധികം ആളുകൾ പങ്കെടുക്കുമെന്നും പ്രവേശനം പാസുമൂലം നിയന്ത്രിച്ചിട്ടുണ്ടെന്നും സംഘാടകർ അറിയിച്ചു.

# ബോബി ചെമ്മണൂർ ജ്വല്ലേഴ്സിന് പാലായിൽ തുടക്കമായി

**കോട്ടയം:** ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സ് ഏറ്റവും പുതിയ ഷോറൂം കോട്ടയം പാലായിൽ പ്രവർത്തനമാരംഭിച്ചു. ചലച്ചിത്ര താരം സ്വാസിക ഉദ്ഘാടനം നിർവഹിച്ചു.

ആദ്യവിൽപന സോഷ്യൽ വർക്കർ നിഷ ജോസ് നിർവഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ മായ രാഹുൽ, വ്യാപാരി വ്യവസായി ഏകോപന സമിതി ജനറൽ സെക്രട്ടറി വി.സി. ജോസഫ്, ലിബി ഏബ്രഹാം (ഗോൾഡ് അസോസിയേഷൻ, പാലാ), പാലാ അർബൻ ബാങ്ക് ബോർഡ് ഡയറക്ടർ മാത്യു തറപ്പേൽ, ചലച്ചിത്ര താരം വി.കെ. ശ്രീരാമൻ എന്നിവർ പ്രസംഗിച്ചു.

ബോബി ചെമ്മണൂർ ഇന്റർനാഷണൽ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ സാം സിബിൻ, സിഇഒ സഞ്ജയ് ജോർജ്, സിഎഫ്ഒ സ്വരാജ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. പാലായിലെ തെരഞ്ഞെടുക്കപ്പെട്ട നിർധനരായ രോഗികൾക്ക് ബോചെ ഫാൻസ് ചാരിറ്റബിൾ ട്രസ്റ്റ് നൽകുന്ന ധനസഹായം ഉദ്ഘാടനവേളയിൽ വിതരണം ചെയ്തു.

ഉദ്ഘാടനത്തിന്റെ ഭാഗമായി നിരവധി ഓഫറുകളാണ് ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സിൽ ഒരുക്കിയിരിക്കുന്നത്. ഉദ്ഘാടനത്തിനെത്തുന്നവരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട അഞ്ച് പേർക്ക് ഡയമണ്ട് റിംഗ് സമ്മാനമായി നൽകി.

പർച്ചേസ് ചെയ്യുന്നവരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഭാഗ്യശാലിക്ക് ബംപർ സമ്മാനമായ കിയ സെൽടോസ് കാർ സ്വന്തമാക്കാം. പാലാ കെഎസ്ആർടിസി ബസ് സ്റ്റേഷനിലാണ് ഷോറൂം പ്രവർത്തിക്കുന്നത്.




# എണ്ണവാതക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി ‘എംസിദ്ധ + ഇഗ്നൈറ്റ്’ ആക്സിലറേറ്റർ

**ന്യൂദൽഹി:** ഇന്ത്യയുടെ ഊർജമേഖലയിലെ ഡീപ്പ്ടെക് സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുന്നതിനായി എംസിദ്ധ ഫൗണ്ടേഷൻ ‘എംസിദ്ധ + ഇഗ്നൈറ്റ്’ ആക്സിലറേറ്റർ പ്രോഗ്രാം ആരംഭിച്ചു. പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം സെക്രട്ടറി ഡോ. നീരജ് മിത്തൽ, എണ്ണവാതക പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾ, ബിപി ഇന്ത്യ ചെയർമാൻ എന്നിവർ ചേർന്ന് ഐഐടി മദ്രാസിൽ പരിപാടി ഉദ്ഘാടനം ചെയ്തു.

ഐഐടി മദ്രാസ്, ഐഐടി കാൻപൂർ, ഐഐടി ഖരഗ്പൂർ, സിക്യാമ്പ് വെഞ്ചർ സെന്റർ പൂനെ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ ഏകദേശം 30 സ്റ്റാർട്ടപ്പുകളെ തിരഞ്ഞെടുക്കും. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഘട്ടം അടിസ്ഥാനമാക്കിയുള്ള 2 കോടി രൂപ വരെ കൺവെർട്ടിബിൾ ഫണ്ടിംഗ് ലഭിക്കും.

സ്റ്റാർട്ടപ്പുകൾക്ക് www.mc2plus.in എന്ന വെബ്സൈറ്റിൽ ഓഗസ്റ്റ് 31 വരെ അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകളുടെ പട്ടിക സെപ്റ്റംബർ 15ന് പ്രഖ്യാപിക്കും.

# ദേശീയ സാമ്പത്തിക സാക്ഷരതാ ക്വിസിൽ കുസാറ്റ് ടീമിന് മൂന്നാം സ്ഥാനം

**കൊച്ചി:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്യൂരിറ്റീസ് മാർക്കറ്റ്സും (എൻഐഎസ്എം) സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും (സെബി) സംയുക്തമായി സംഘടിപ്പിച്ച നാഷണൽ ഫിനാൻഷ്യൽ ലിറ്ററസി ക്വിസ് (എൻഎഫ്എൽക്യൂ) 2026ന്റെ ദക്ഷിണ മേഖലാ റൗണ്ട് ബിരുദാനന്തര വിഭാഗത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് മൂന്നാം സ്ഥാനം നേടി. കൊച്ചിൻ യൂണിവേഴ്സിറ്റി ടീം ദേശീയ റൗണ്ടിലേക്കും യോഗ്യത നേടി.

ഓഗസ്റ്റ് 8, 9 തീയതികളിൽ ബെംഗളൂരുവിലെ ആർഎൻഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലായിരുന്നു ദക്ഷിണ മേഖലാ റൗണ്ട്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന, പുതുച്ചേരി എന്നിവിടങ്ങളിൽ നിന്നുള്ള ബിരുദ, ബിരുദാനന്തര വിദ്യാർഥികൾ മത്സരത്തിൽ പങ്കെടുത്തു. സാമ്പത്തിക വിപണികൾ, നിക്ഷേപ തത്വങ്ങൾ, നിക്ഷേപക സംരക്ഷണം, ഉത്തരവാദിത്തപരമായ സാമ്പത്തിക പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ക്വിസിൽ ഉൾപ്പെട്ടത്.

രാജ്യവ്യാപകമായി കോളേജ്, ഓൺലൈൻ യോഗ്യതാ റൗണ്ടുകളിലായി നാല് ലക്ഷത്തിലധികം വിദ്യാർഥികൾ എൻഎഫ്എൽക്യൂ 2026ൽ പങ്കെടുത്തു. ദക്ഷിണ മേഖലയിൽ നിന്ന് ദേശീയ റൗണ്ടിലേക്ക് യോഗ്യത നേടിയ 12 ബിരുദാനന്തര സ്ഥാപനങ്ങളിൽ കുസാറ്റിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസും ഉൾപ്പെടുന്നു. നവംബറിൽ മഹാരാഷ്ട്രയിലെ പാതൽഗംഗയിലുള്ള എൻഐഎസ്എം ക്യാമ്പസിലാണ് ദേശീയ ഫൈനൽ നടക്കുക.

# സ്ത്രീകൾക്ക് യെസ് എസ്സെൻസ് ക്രെഡിറ്റ് കാർഡുമായി യെസ് ബാങ്ക്

**കൊച്ചി:** സ്ത്രീകൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത യെസ് എസ്സെൻസ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി യെസ് ബാങ്ക്. പർച്ചേസുകൾക്കുള്ള മികച്ച റിവാർഡുകൾക്കൊപ്പം തന്നെ ആരോഗ്യ പരിശോധനാ സൗകര്യങ്ങളും മറ്റ് ലൈഫ്സ്റ്റൈൽ ആനുകൂല്യങ്ങളും സമന്വയിപ്പിക്കുന്നതാണ് ഈ പുതിയ ക്രെഡിറ്റ് കാർഡ്. യുവ പ്രൊഫഷണലുകൾ, ശമ്പള വരുമാനക്കാർ, ഡിജിറ്റൽ സാങ്കേതികവിദ്യകൾ മികച്ച രീതിയിൽ ഉപയോഗിക്കുന്ന സ്ത്രീകൾ തുടങ്ങിയവരെ ലക്ഷ്യമിട്ടാണ് യെസ് എസ്സെൻസ് കാർഡ് പുറത്തിറക്കിയിട്ടുള്ളത്.

പ്രമുഖ ഫാഷൻ, ബ്യൂട്ടി, ട്രാവൽ, ഫിറ്റ്നസ് ബ്രാൻഡുകളിൽ നിന്നുള്ള വെൽകം വൗച്ചറുകളാണ് കാർഡിൻറെ പ്രധാന ആകർഷണം. ഡൈനിംഗ്, പലചരക്ക് സാധനങ്ങൾ, ഷോപ്പിംഗ്, സൗന്ദര്യവർദ്ധക ഉൽപ്പന്നങ്ങൾ, യാത്രകൾ എന്നിവയ്ക്കായുള്ള ദൈനംദിന ചെലവുകൾക്ക് കാർഡ് വഴി മികച്ച റിവാർഡുകളും ലഭിക്കും. കാൻസർ മാർക്കർ സ്ക്രീനിംഗ് ഉൾപ്പെടെയുള്ള വാർഷിക ആരോഗ്യ പരിശോധന, പ്രത്യേക ജന്മദിന വൗച്ചർ, ഒന്നിനൊന്ന് സൗജന്യ സിനിമാ ടിക്കറ്റുകൾ, ഇന്ത്യയിലുടനീളമുള്ള തിരഞ്ഞെടുക്കപ്പെട്ട മാളുകളിൽ നിന്ന് കോഫി എന്നിവയും മറ്റ് ആനുകൂല്യങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ നിശ്ചിത തുകയ്ക്കുള്ള പർച്ചേസുകൾക്ക് 10,000വരെ യെസ് റിവാർഡ്സും നേടാം.

# റെയിൽ ശൃംഖല വിപുലീകരിച്ച് ആമസോൺ ഇന്ത്യ



**കൊച്ചി:** ഉത്സവകാലത്തിനു മുന്നോടിയായി റെയിൽവേയുമായി സഹകരിച്ച് ആമസോൺ ഇന്ത്യ വെസ്റ്റേൺ ഡെഡിക്കേറ്റഡ് ഫ്രെയ്റ്റ് കോറിഡോറിലെ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. ഡിഎഫ്സിസിഐഎല്ലുമായി സഹകരിച്ചാണ് പുതിയ നീക്കം.

ഇതോടെ വെസ്റ്റേൺ ഡിഎഫ്സിയിലെ ആദ്യ ജോയിന്റ് പാഴ്സൽ പ്രോഡക്ട്-റാപ്പിഡ് കാർഗോ സർവീസ് ട്രെയിനിൽ പ്രവർത്തിക്കുന്ന ആദ്യ ഇ കൊമേഴ്സ് കമ്പനിയായി ആമസോൺ മാറി. പത്തിലധികം വാൻ പാഴ്സലുകളിലൂടെയാണ് ചരക്കുനീക്കമെന്ന് അധികൃതർ പറഞ്ഞു.